പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1639 — 11-02-2013- ൽ മറുപടിയ്ക്ക്

## ടൗണുകളുടെ സമഗ്ര വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി അയിഷാ പോറ്റി | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന ടൗണുകളുടെ സമഗ്ര വികസനത്തിന് രൂപരേഖ തയ്യാറാക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു; | (എ) | സംസ്ഥാനത്തെ പ്രധാന ടൗണുകളുടെ സമഗ്ര വികസനത്തിന് രൂപരേഖ തയ്യാറാക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ 175 ലക്ഷം രൂപ വകയിരുത്തിയിരുന്നു. |
| (ബി) | ഏതെല്ലാം ടൗണുകളുടെ വികസനത്തിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ; | (ബി) | പരവൂർ (കൊല്ലം), ചങ്ങനാശ്ശേരി, വൈക്കം, തലശ്ശേരി എന്നീ നഗരങ്ങളുടെ വികസനരൂപരേഖകൾ അംഗീകരിക്കുകയും മലപ്പുറം, കാസർഗോഡ്, പാല, പത്തനംതിട്ട, ഗുരുവായൂർ, കണ്ണൂർ, തൃശ്ശൂർ, കൊല്ലം എന്നീ നഗരങ്ങളുടെ കരട് വികസന രൂപരേഖകൾ പ്രസിദ്ധീകരിക്കുകയും അടൂർ നഗരസഭയുടെ കരട് വികസന രൂപരേഖ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത രൂപരേഖ തയ്യാറാക്കുന്നതിനുള്ള ചുമതല ആർക്കാണ് നൽകിയത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) | അതത് നഗരസഭകളും നഗര ഗ്രാമാസൂത്രണ വകുപ്പും സംയോജിതമായാണ് രൂപരേഖകൾ തയ്യാറാക്കുന്നത്. രൂപരേഖകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി നഗരസഭകൾ രൂപീകരിക്കുന്ന സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റിക്കാണ് പ്രാദേശിക വിശകലനം നടത്തുന്നതിന്റെ ഉത്തരവാദിത്വം. മറ്റ് വിശകലനങ്ങൾ നഗരഗ്രാമാസൂത്രണ വകുപ്പാണ് നിർവ്വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ